II ഇ.ബി. XIII- കേരള നിയമസഭ/XI- 23

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂലൈ 11, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**76 (*661)** റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികൾക്ക് പരിഹാരം

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, റീസർവ്വേ നടക്കുന്ന സമയത്തുണ്ടാകുന്ന പരാതികൾ അതാത് സർവ്വേ ഓഫീസുകളിലും ഫൈനൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് മുമ്പുള്ള പരാതികൾ അപ്പീലായി പരിഗണിച്ച് റീസർവ്വേ സൂപ്രണ്ട് മുഖേനയും റവന്യൂ ഭരണത്തിന് കൈമാറിയതിനുശേഷമുള്ള പരാതികൾ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർ മുഖാന്തിരവും പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നതായി സഭയെ അറിയിച്ചു. തിരുവനന്തപുരം ജില്ലയിലെ പട്ടം വില്ലേജിലും എറണാകുളം ജില്ലയിലെ ആലുവ താലൂക്കിലും താലൂക്ക്തല അദാലത്തുകൾ നടത്തി റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതിന് പുറമെ ജില്ലാ അദാലത്തുകൾ നടത്താനും ഉദ്ദേശിക്കുന്നുണ്ട്. സർവ്വേ നടപടികൾ കൂടുതൽ ലഘൂകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ

സമർപ്പിക്കുന്നതിനായി ലാന്റ് റവന്യു കമ്മീഷണറേയും സർവ്വേ വകുപ്പ് ഡയറക്ടറേയും ചുമതലപ്പെടുത്തുകയും താമസംവിനാ ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട പരാതികൾ എത്രയും വേഗം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. 1965-ൽ റീസർവ്വേ നടപടികൾ ആരംഭിച്ചിട്ട് 49 വർഷമാകുമ്പോൾ ആകെയുള്ള 1635 വില്ലേജുകളിൽ പകുതി വില്ലേജുകളിൽ മാത്രമാണ് നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും നിലവിലുള്ള മാൻപവർ വച്ച് മുന്നോട്ടുപോകുകയാണെങ്കിൽ ഈ നടപടികൾക്കായി ഇനിയും 60 വർഷം വേണ്ടിവരുമെന്നും മന്ത്രി നിരീക്ഷിച്ചു. വിഷയനിർണ്ണയ സമിതി കർണ്ണാടക, ആന്ധ്രാപ്രദേശ്, ഗുജറാത്ത്, ഹരിയാന എന്നി സംസ്ഥാനങ്ങൾ സന്ദർശിച്ച് പഠനം നടത്തുകയും ടി സംസ്ഥാനങ്ങളിൽ ഔട്ട്സോഴ്സിംഗിലൂടെയാണ് റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ചതെന്ന് ബോധ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തും റവന്യു വകുപ്പ് ഉദ്യോഗസ്ഥരുടെ സഹകരണത്തോടും എല്ലാ വിഭാഗം ആളുകളുടേയും അഭിപ്രായ സമന്വയത്തിലൂടെയും ആർക്കും ഒരു ആശങ്കയ്ക്ക് ഇടനൽകാത്ത വിധത്തിൽ ഔട്ട്സോഴ്സിംഗ് നടത്തി റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ആധുനിക സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് 'മോഡേൺ സർവ്വേ ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിക്കുന്നതും ഈ സ്ഥാപനം ഓഗസ്റ്റ് മാസത്തോടെ പ്രവർത്തനമാരംഭിക്കുന്നതുമാണ്. വില്ലേജോഫീസുകളിലെ പഴകിയ റിക്കാർഡുകളുടെ

സംരക്ഷണത്തിന് നടപടി സ്വീകരിച്ചുവരുന്നതായും ആനുവൽ മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമല്ലാത്ത കമ്പ്യൂട്ടറുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഇടുക്കി ജില്ലയിലെ മലയോര മേഖലയിൽ പട്ടയ വിതരണത്തിൽ നേരിട്ട തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

77(*662) <u>മത്സ്യബന്ധന തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, പൊതുവിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുവാനായി കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന സബ്സിഡി മണ്ണെണ്ണയുടെ സംസ്ഥാന വിഹിതത്തിൽ കുറവുണ്ടായെങ്കിലും മത്സ്യബന്ധന മേഖലയ്ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന 2525 കിലോലിറ്റർ മണ്ണെണ്ണ നിർബാധം നൽകിവരുന്നതായി സഭയെ അറിയിച്ചു. നിലവിൽ മത്സ്യബന്ധന മേഖലയിൽ അനുവദിച്ചുനൽകുന്ന മണ്ണെണ്ണ അപര്യാപ്തമായതിനാൽ ഈ മേഖലയ്ക്ക് പ്രത്യേകം ക്വാട്ട അനുവദിച്ച് നൽകണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രിക്ക് നിവേദനം സമർപ്പിക്കുകയും പ്രസ്തുത ആവശ്യം എം.പി.മാരുടെ കോൺഫറൻസിൽ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള സബ്സിഡി മണ്ണെണ്ണ വിഹിതത്തിന് പുറമെ മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതിക്കായി 2014-15 വർഷത്തെ ബഡ്ജറ്റിൽ 100 കോടി രൂപ പ്രഖ്യാപിക്കുകയും കേന്ദ്ര പെട്രോളിയം വകുപ്പുമായി ബന്ധപ്പെട്ടതിന്റെ ഫലമായി 26000 ലിറ്റർ മണ്ണെണ്ണ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ

അടിസ്ഥാനത്തിൽ തീരദേശ മേഖലകളിൽ 12 മണ്ണെണ്ണ പമ്പുകൾ സ്ഥാപിച്ച് മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം ചെയ്യുന്ന പദ്ധതി പൂർത്തീകരണവേളയിലാണെന്നും ഇതിനായി വിവിധ ഓയിൽ കമ്പനികളുമായി ചർച്ച നടത്തി ആവശ്യമായ ക്രമീകരണങ്ങൾ നട ത്തിവരികയാണെന്നും എസ്.ഡി.ജി. പാസാകുന്ന മുറയ്ക്ക് മണ്ണെണ്ണ വിത രണം ആരംഭിക്കുന്നതാണെന്നും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി വ്യക്തമാക്കി. എൽ.പി.ജി. കണക്ഷനുകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരേ ആവശ്യത്തിനായി രണ്ടുതര ത്തിലുള്ള സബ്സിഡി നൽകാൻ കഴിയില്ലെന്ന കേന്ദ്രസർക്കാരിന്റെ നിലപാടു മൂലം വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പുന:സ്ഥാപിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂല നടപടി ഉണ്ടായിട്ടില്ല. തീരദേശ മേഖലയിൽ വ്യാപകമായ മണ്ണെണ്ണയുടെ കരി ഞ്ചന്ത വിൽപ്പന തടയുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഫിഷറീസ്/മത്സ്യഫെഡ്/സിവിൽസപ്ലൈസ് വകുപ്പുകളുടെ സംയുക്ത പരിശോധന സമയബന്ധിതമായി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തി ലാണ് 18039 മണ്ണെണ്ണ പെർമിറ്റുകൾ അനുവദിച്ചിട്ടുള്ളത്. മത്സ്യബന്ധന ത്തിലേർപ്പെടുന്ന വള്ളങ്ങളിൽ മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി. ഉപയോഗി ക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണെന്നും മണ്ണെണ്ണ ദുരുപ യോഗം ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിയും വിവിധ കാരണങ്ങളാൽ മുടങ്ങിപ്പോയ ജോയിന്റ് വെരിഫി ക്കേഷൻ നടപടികൾ നവംബർ മാസത്തിൽ നടത്താനാണ് തീരുമാനിച്ചിരിക്കു

ന്നതെന്നും സംഘടനകളുമായി ചർച്ച നടത്തി തീയതി പ്രഖ്യാപിക്കുന്നതാണെന്നും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും ഉപചോദ്യങ്ങളിൽ ഇടപെട്ടുകൊണ്ട് വ്യക്തമാക്കി.

78(*663) സർവ്വകലാശാലകളുടെ പ്രവർത്തനം

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി..കെ.അബ്ദു റബ്ബ്) നൽകിയ മറുപടിയിൽ, സർവ്വകലാശാലകളുടെ പ്രവർത്തനം സംബന്ധിച്ച് പഠിക്കുന്നതിന് ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. ഏകീകൃത സർവ്വകലാശാല നിയമം നടപ്പിലാകുന്നതോടെ സർവ്വകലാശാലകളുടെ റിസർച്ച് ആന്റ് ഡെവലപ്മെന്റ് വിംഗിന്റെ പ്രവർത്തനം ശക്തിപ്പെടുന്നതാണ്. വിവിധ സർവ്വകലാശാലകളിലും കോളേജുകളിലും അക്കാഡമിക് കാര്യങ്ങളിൽ ഏകീകൃത സമയക്ലിപ്തത പാലിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഭരണപരമായും വിദ്യാഭ്യാസപരമായും മുൻപന്തിയിൽ നിൽക്കുന്നവരെ സർവ്വകലാശാലാ വൈസ് ചാൻസലർമാരായി നിയമിക്കുകയെന്നതാണ് സർക്കാരിന്റെ നയം. സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ യോഗം വിളിച്ചുചേർക്കാൻ തീരുമാനിക്കുന്നതാണെന്നും ഈ വർഷം റൂസാ ഫണ്ട് ഇനത്തിൽ 120 കോടി രൂപ സംസ്ഥാനത്തിന് ലഭ്യമാകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 6966 മുതൽ 7297 വരെയുള്ള ചോദ്യങ്ങളിൽ 36 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി.)